ഖുത്ബ നമ്പർ

# 46

16-11-2012

بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

# ജുമുഅ ഖുത്ബ

## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

## ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز

വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്



ലോകത്തേക്കു വന്ന ഓരോ മനുഷ്യന്റേയും മരണ ദിവസവും നിർണ്ണിതമാണ്. അല്ലാഹു പറയുന്നു, ലോകത്തുള്ള എല്ലാം തന്നെ നശിക്കുന്നതാണ്. എന്നാൽ മനുഷ്യന് അല്ലാഹു സുവാർത്ത നൽകിക്കൊണ്ട് പറയുന്നു, താത്കാലിക ലോകത്തെ ജീവിതം അവസാനിക്കുമ്പോൾ ശാശ്വതമായ ഒരു ജീവിതം ആരംഭിക്കുന്നതാണ്. അല്ലാഹുവിന്റെ തൃപ്തിക്കനുഗുണമായി ഈ ലോകത്ത് കർമ്മങ്ങൾ ചെയ്യുന്നവർ, അല്ലാഹുവിന്റെ തൃപ്തിയെ എല്ലാത്തിലും മുന്തിക്കുന്നവർ പ്രസ്തുത ശാശ്വതമായ പരലോകത്ത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുന്നു. അല്ലാഹുവിന്റെ പാപപ്പൊറുതിയും കാരുണ്യവും അവർക്ക് തന്റെ സാമീപ്യം നൽകി അനുഗ്രഹിക്കുന്നു. കാരണം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി അവർ പ്രയത്നിച്ചുകൊണ്ടിരുന്നു. അവർ തങ്ങളുടെ ജീവിതത്തെ ഉത്തമലക്ഷ്യമുള്ളതാക്കാൻ ശ്രമിച്ചു. അതായത് അല്ലാഹു തന്റെ ദാസർക്കായി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം കരസ്ഥമാക്കാനായി ശ്രമിച്ചു. അഥവാ മനുഷ്യൻ സ്ഥിരോത്സാഹത്തോടുകൂടി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി ശ്രമിച്ചില്ലെങ്കിൽ പോലും അല്ലാഹുവിന്റെ കാരുണ്യത്തിന്റേയും പാപപൊറുതിയുടേയും സീമ അവനെ അവന്റെ നിസാര നന്മ കാരണത്താലും തന്റെ അനുഗ്രഹത്തിന്റെ പുതപ്പിൽ പുതപ്പിക്കുന്നു എന്നതും വാസ്തവമാണ്. എന്നാൽ അല്ലാഹുവിന്റെ സംതൃപ്തി കരസ്ഥമാക്കുന്നതിനായുള്ള ശ്രമത്തെ തങ്ങളുടെ എല്ലാമെല്ലാമായി മാറ്റുന്നവർ, അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള ബാധ്യത നിറവേറ്റുന്നതിനായി സദാസമയവും തങ്ങളുടെ കഴിവിനനുസരിച്ച് പരിശ്രമത്തിൽ മുഴുകുന്നവർ, അല്ലാഹുവിന്റെ ദീനിന്റെ ഉയർച്ചയും പ്രചരണവും തങ്ങളുടെ ദൗത്യമാക്കുന്നവർ, ആരുടെ ഉന്നതധാർമ്മികഗുണത്തെ കുറിച്ചാണോ എല്ലാ ചെറിയവരും വലിയവരും സ്തുതിപാടനം നടത്തുന്നത് അവർക്ക് സ്വർഗ്ഗം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു എന്ന് അല്ലാഹുവും അവന്റെ റസൂൽ(സ)യും നമ്മോട് പറയുന്നു. അല്ലെങ്കിൽ അവന്റെ ദീനിനുവേണ്ടി തന്റെ ജീവന്റെ കാണിക്ക സമർപ്പിച്ചുകൊണ്ട് വീരമൃത്യു വരിക്കുന്നവർക്ക് അല്ലാഹു സ്വർഗ്ഗത്തിന്റെ സുവാർത്ത നൽകുന്നു. അല്ലാഹു പറയുന്നു, ഇവർ നിസ്സംശയം ഈ ലോകത്ത് നിന്നും യാത്ര പറഞ്ഞു. ഈ താൽകാലിക ലോകത്തിൽ നിന്ന് വിട പറഞ്ഞു. ഭൗതീകരുടെ ദൃഷ്ടിയിൽ മരിച്ചു അല്ലെങ്കിൽ വധിക്കപ്പെട്ടു. എന്നാൽ അല്ലാഹുവിന്റെ പക്കൽ ശാശ്വത ജീവിതം കരസ്ഥമാക്കി. അതിനാൽ അത്തരക്കാരെ മൃതർ എന്നു പറയരുത്. അവർ ജീവനുള്ളവരാണ്. അവരുടെ ഈ ലോകത്തു നിന്നുള്ള വിടവാങ്ങൽ പിന്നിലുള്ളവരുടെ ജീവിതത്തിന് സൗകര്യം ഒരുക്കുന്നതിനു വേണ്ടിയാണ്. അല്ലാഹുവിന്റെ തൃപ്തിക്കായി തങ്ങളുടെ ജീവിതം കഴിച്ചുകൂട്ടുന്നവർ, അവന്റെ നാമത്തെ ഔന്നത്യത്തിലെത്തിക്കുന്നതിനായി സർവ്വത്യാഗങ്ങൾക്കും സന്നദ്ധരായവർ, നിർഭയരായിക്കൊണ്ട് ഈ ത്യാഗങ്ങൾ ചെയ്യുന്നവർ തങ്ങളുടെ ശാശ്വത ജീവിതത്തിന്റെ ഒരുക്കങ്ങൾ ചെയ്യുന്നതിനോടൊപ്പം തങ്ങളുടെ ജമാഅത്തിനും, തങ്ങളുടെ ദീനീസഹോദരങ്ങൾക്കും യഥാർത്ഥവും ശാശ്വതവുമായ ജീവിതശൈലി പഠിപ്പിക്കുന്നവരായിരിക്കും. മുഹമ്മദീ മസീഹിൽ വിശ്വസിക്കുന്നവരുടെ ജമാഅത്തംഗങ്ങളാണ് അല്ലെങ്കിൽ അവരിൽ നിന്നുള്ള ഒരു വിഭാഗമാണ് ഒരു ഭാഗത്ത് ദീനിന്റേയും ഇസ്ലാമിന്റേയും പ്രചരണാർത്ഥം സ്ഥിരോത്സാഹത്തോടുകൂടി തങ്ങളുടെ ജീവിതത്തിലെ ഓരോ നിമിഷവും കഴിച്ചുകൂട്ടുന്നതിനായി ശ്രമിക്കുന്നതെന്ന് ഇക്കാലത്ത് നാം കാണുന്നു. അതിനുവേണ്ടി തങ്ങളുടെ ജീവിതത്തിലെ അവസാന ശ്വാസം വരെ പൊരുതുകയും ജീവൻ സമർപ്പിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ ദീനിനുവേണ്ടി മുഹമ്മദീ മസീഹിനെ സ്വീകരിച്ചു എന്ന അപരാധത്താൽ അക്രമികളുടെ പീഡനത്തിനിരയായിക്കൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ ശഹാദത്തിന്റെ പദവി കരസ്ഥമാക്കി സന്നിഹിതരാകുന്നവരാണ്.

ഇന്ന് ഞാൻ ഇത്തരത്തിലുള്ള രണ്ട് വ്യക്തികളെകുറിച്ച് പരാമർശിക്കുന്നതാണ്. ഒന്ന് ജമാഅത്തിന്റെ സേവകനും മറ്റേത് ശഹീദുമാണ്.

ഒരാൾ തന്റെ കുട്ടിക്കാലം മുതൽ മരണം വരെ മുഹമ്മദീ മസീഹിന്റെ സൈന്യത്തിൽ അംഗമായിക്കൊണ്ട് നബി തിരുമേനി(സ)യുടെ സന്ദേശത്തെ ലോകത്തേക്കെത്തിച്ചു. അതായത് ഏതൊരു സന്ദേശത്തിന്റെ പ്രചരണ പരിപൂർത്തിക്കായിട്ടാണോ അല്ലാഹു നബി തിരുമേനി(സ)യോട് ചെയ്ത വാഗ്ദാനമനുസരിച്ച് തിരുമേനി (സ)യുടെ സത്യപ്രേമിയേയും മസീഹ് മൗഊദിനേയും ലോകത്തേക്കയച്ചത് ആ സന്ദേശത്തെ.

ആത്മത്യാഗിയായ ഈ ജമാഅത്തിന്റെ സേവകന്റെ പേര് ഹാഫിസ് ജിബ്റായീൽ സഈദ് എന്നാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൗത്യത്തിന്റെ പൂർത്തികരണത്തിനായി തന്റെ ജീവിതത്തിന്റെ അവസാനശ്വാസം വരെ തന്റെ സർവ കഴിവുകളോടും കൂടി പ്രവർത്തിച്ചുകൊണ്ടിരുന്നു. ഒരു ആവേശത്തോടും അഭിനിവേശത്തോടും കൂടി പ്രവർത്തിച്ചുകൊണ്ടിരുന്നു. നിശ്ചമായും ഒരു യഥാർഥ ജമാഅത്തീ സേവകനെയും യഥാർഥ വഖ്ഫെസിന്ദഗിയെയും പോലെ തന്റെ വഖ്ഫിന്റെ പ്രതിജ്ഞയെ പൂർത്തിയാക്കി. ആ വ്യക്തി, ജമാഅത്തിന്റെ ആ സേവകൻ ഖാദിയാനിൽ നിന്നും

റബ്വയിൽ നിന്നും ആയിരക്കണക്കിനു മൈലുകൾ ദൂരെ ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഘാനയിലെ ഒരു ചെറിയ ഗ്രാമത്തിൽ ഭൂജാതനായി. അവിടെ വിദ്യാഭ്യാസത്തിനുള്ള ശരിയായ സൗകര്യം പോലും ഉണ്ടായിരുന്നില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വന്തം പിതാവിന്റെ സൽപ്രതീക്ഷ കളുടെയും ദുആകളുടേയും ഫലമായി തങ്ങളുടെ മഹത്തായ പ്രവാചകൻ (സ)യിൽ ഇറക്കപ്പെട്ട പരിപൂർണ്ണ ഗ്രന്ഥത്തിന്റെ ഹാഫിളാക്കി. പരിപൂർണ്ണമായും അതു മനപാഠമാക്കുന്ന തിനുള്ള തൗഫീഖ് നൽകി. ഖുർആൻ മനപാഠമാക്കിയെന്ന ബഹുമതി മാത്രമല്ല നൽകിയത്, മറിച്ച് ദീനിന്റെ അറിവ് കരസ്ഥമാക്കിയവരുടെ അണിയിൽ ചേർത്ത് കൊണ്ട് വിശു ദ്ധ ഖുർആന്റെ മഹത്തായ അദ്ധ്യാപനങ്ങളെ സ്വന്തം സമുദാ യക്കാർക്കും അന്യസമുദായക്കാർക്കും എത്തിക്കുന്നതിനാ യുള്ള സേവനത്തിനുള്ള തൗഫീഖും അല്ലാഹു തന്റെ അനു ഗ്രഹത്താൽ അദ്ദേഹത്തിനു നൽകി. ഘാനയുടെ ഈ ആത് മാർത്ഥ കൂറുള്ള വ്യക്തി കാലത്തിന്റെ ഖലീഫമാരുടെ സുൽ ത്താൻ നസീറായിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഘാന യ്ക്ക് ധാരാളം ബഹുമതികൾ നേടിക്കൊടുക്കുകയുണ്ടായി.

ഹാഫിസ് ജിബ്റാഈൽ സഈദ് സാഹിബ് കഴിഞ്ഞ ദിവ സം ഘാനയിൽ വഫാത്താകുകയുണ്ടായി اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ അദ്ദേഹത്തെ സംബന്ധിച്ച് കൂടുതൽ പരാമർശിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹാഫിസ് അഹ്മദ് ജിബ്റാഈൽ സഈദ് സാഹിബ് ഘാനയുടെ മുബല്ലിഗ് സിൽസിലയും നാഇബ് അമീർ സാലിസും ആയിരുന്നു. 2012 നവമ്പർ 9 ന് ജുമുഅ ദിവസം ആക്രയിലെ കോർലോഗോ ആശുപത്രിയിൽ ഒരു മാസത്തെ രോഗത്തിനു ശേഷമാണ് അദ്ദേഹം വഫാത്താ യത്. അന്ന് ഞാൻ ദുആക്ക് വേണ്ടിയും വിളംബരം ചെയ്തി രുന്നു. എന്നാൽ അന്നേരം തന്നെ അദ്ദേഹം അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരായി കഴിഞ്ഞിരുന്നു. നീണ്ട കാലമായി രോഗിയായിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യത്തെ സംബ ന്ധിച്ച് ഘാനയിലെ ഡോക്ടർമാരുടെ റിപ്പോർട്ട് ഇവിടെ ലണ്ടനിലെയും അമേരിക്കയിലെയും ഡോക്ടർമാർക്ക് അയ ച്ചുകൊടുത്തിരുന്നു. കാരണം അവിടുത്തെ ഡോക്ടർമാർക്ക് രോഗനിർണ്ണയം നടത്താൻ സാധിച്ചിരുന്നില്ല. ഈ ഡോക്ട ർമാരുടെ അഭിപ്രായമനുസരിച്ച് കൂടുതൽ പരിശോധനകൾ നടത്തുവാനുള്ള തയ്യാറെടുപ്പിലായിരുന്നു. ചികിത്സയ്ക്കായി രാജ്യത്തിന് പുറത്ത് ലണ്ടനിലോ, അമേരിക്കയിലോ കൊണ്ടു വരുന്നതും ആലോചിച്ചിരുന്നു. എന്നാൽ അല്ലാഹുവിന്റെ വിധി വന്നെത്തി. അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ബഹുമാന്യ ഹാഫിസ് സാഹിബ് 1954 ഫെബ്രുവരി 2 നാണ് ഭൂജാതനായത്. അദ്ദേഹത്തിന്റെ പിതാവ് ഖുസോഫോ ജിബ് റാഈൽ സഈദ് സാഹിബ് ഘാനയുടെ മുബല്ലിഗായിരുന്നു. അദ്ദേഹം അവിടുന്ന് തന്നെ മിഷനറിമാരിൽ നിന്ന് പരിശീല നം കരസ്ഥമാക്കി പ്രവർത്തനമണ്ഢലത്തിൽ പ്രവർത്തിക്കു കയുണ്ടായി. ഹാഫിസ് അഹ്മദ് ജിബ്റാഈൽ സാഹിബ് 1970ൽ വിശുദ്ധ ഖുർആൻ മനപ്പാഠമാക്കുന്നതിനായി റബ്വ യിലെത്തുകയും മദ്റസത്തുൽ ഹിഫ്ളിൽ പ്രവേശനം നേടുക യും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ഘാനയിലെ പ്രഥമ ഖുർആൻ ഹാഫിളായിരുന്നു. ഒരിക്കൽ ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) വാത്സല്യ പുരസരം അദ്ദേഹവുമായി പഞ്ചഗുസ്തി മത്സരിച്ചിരുന്നു എന്ന ബഹു മതിയും അദ്ദേഹത്തിന് ലഭിച്ചിരുന്നു.

വിശുദ്ധ ഖുർആൻ മനപ്പാഠമാക്കി ഘാനയിൽ തിരിച്ചെ ത്തിയ അദ്ദേഹം അൽപ മാസങ്ങൾക്ക് ശേഷം ജാമിഅയിൽ വിദ്യാഭ്യാസം കരസ്ഥമാക്കുന്നതിനായി വീണ്ടും പാകിസ്ഥാ നിൽ തിരിച്ചെത്തി ജാമിഅ അഹ്മദിയ്യായിൽ പ്രവേശനം നേടി. 1982 ൽ ശാഹിദിന്റെ ഡിഗ്രി കരസ്ഥമാക്കി. അതോ ടൊപ്പം തന്നെ പഞ്ചാബ് യൂണിവേർസിറ്റിയിൽ നിന്നും അറ ബി ഫാദിലിന്റെ പരീക്ഷയും പാസ്സായി. 1982 സെപ്റ്റംബർ 15ന് ഘാനയിലെ ഒരു നഗരമായ ടച്ചീമാനിൽ അദ്ദേഹം നിയ മിതനായി. അവിടെ അദ്ദേഹം ബ്രോംഗ് ഹാഫ് റീജന്റെ ചാർ ജ് ഏറ്റെടുത്തു. 4 വർഷത്തിനു ശേഷം അദ്ദേഹത്തെ ഫിജിയി ലേക്കയച്ചു. അവിടെ ലബാസയിൽ അദ്ദേഹം നിയമിത നായി. 1987 ആഗസ്റ്റിൽ ഫിജിയിൽ നിന്ന് അദ്ദേഹത്തെ തവാ ലുവിലേക്കയച്ചു. തവാലുവിലെ ആദ്യത്തെ മുബല്ലിഗായി അദ്ദേഹം നിയമിതനായി. തവാലുവിൽ കഴിഞ്ഞ സമയത്ത് അദ്ദേഹം തെക്കൻ പെസഫിക്കിലെ മൂന്ന് ദ്വീപുകളായ മാർ ഷൽ ദ്വീപ്, സോളമൻ ദ്വീപ്, മൈക്രോനേഷ്യ എന്നിവിട ങ്ങളിൽ അഹ്മദിയ്യത്ത് സ്ഥാപിച്ചു. അങ്ങിനെ ലോകത്തിന്റെ 3 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്തിന്റെ ചെടി അദ്ദേഹം മുഖേന നടപ്പെട്ടുവെന്ന ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചു. തവാ ലുവിലെ ജീവിതത്തിനിടയിൽ 1991 ൽ അദ്ദേഹം അയൽ രാജ്യമായ കരീബാത്തിയിലും പോകുകയുണ്ടായി. നീണ്ട കാലം അവിടെയും കഴിഞ്ഞു. അങ്ങിനെ അദ്ദേഹം കരീബാ ത്തി രാജ്യത്തിലെ പ്രഥമ മുബല്ലിഗ് സിൽസിലയുമായിരുന്നു. 8 വർഷത്തോളം തെക്കൻ പെസഫിക്കിലെ ദ്വീപുകളിൽ തബ്ലീഗി സേവനങ്ങൾ അനുഷ്ഠിച്ച ശേഷം 1994 ൽ തിരിച്ച് ഘാനയിലെത്തി. ഘാനയിൽ തിരിച്ചെത്തിയ ശേഷം അദ്ദേ ഹത്തെ ഘാന ജമാഅത്തിന്റെ തബ്ലീഗിനു വേണ്ടിയുള്ള നാഇബ് അമീറായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബി അ് നിയമിച്ചു. വഫാത്ത് സമയം വരെ അദ്ദേഹം ഈ ഉത്തര വാദിത്വത്തെ ഭംഗിയായി നിറവേറ്റിരുന്നു.

അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ ഘാനയിൽ സ്ഥാപിത മായ തബ്ലീഗ്, തർബിയ്യത്തി സെന്ററിൽ പണ്ഡിതന്മാരു ടെയും നവഅഹ്മദികളുടെയും ശിക്ഷണത്തിനായി ധാരാളം പാഠ്യപദ്ധതികൾ നടപ്പിലാക്കി. പ്രാദേശിക മുബല്ലിഗീങ്ങ ൾക്ക് അല്ലെങ്കിൽ ജമാഅത്തിൽ പ്രവേശിക്കുന്ന ഇമാമുമാ ർക്ക് അൽപം ദീനി ജ്ഞാനമുണ്ടായിരുന്നെങ്കിലും അത് കൂടാതെ യഥാർത്ഥ ഇസ്ലാമിക അദ്ധ്യാപനങ്ങളെയും അഹ് മദിയ്യാ ജമാഅത്തിന്റെ സമ്പ്രദായങ്ങളെയും കുറിച്ച് പഠിപ്പി ക്കുന്നതിനായി റിഫ്രഷർ കോഴ്സ് ഉണ്ടായിരുന്നു. അതിന്റെ മേൽനോട്ടവും ഹാഫിസ് സാഹിബായിരുന്നു വഹിച്ചിരു ന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വളരെ വിജയകര മായ തബ്ലീഗി ഉദ്യമങ്ങൾ നടന്നു. തൽഫലമായി ജമാഅ ത്തിന് അനേകം നവ ഫലങ്ങൾ ലഭിച്ചു. നവ ജമാഅത്തുകൾ സ്ഥാപിതമായി. പുതിയ സർക്കിളുകൾ സൃഷ്ടിച്ചു. ഈ ജമാ അത്തുകളിൽ അനേകം പള്ളികൾ നിർമ്മിച്ചു. കൂടാതെ ബയ് അത്തുകൾക്ക് ശേഷം ഒന്ന് രണ്ട് വർഷങ്ങളോളം കേന്ദ്ര ത്തിന് ബന്ധപ്പെടാൻ സാധിക്കാതിരുന്ന വിദൂരദിക്കുകളിലു ള്ള സ്ഥലങ്ങളിലുള്ളവർ അനഹ്മദി പണ്ഡിതന്മാരുടെയും ജമാഅത്തിനെതിരിൽ പ്രകോപിതരാക്കുന്ന മറ്റുള്ളവരു ടെയും പ്രഭാവത്തിൽ അകപ്പെട്ടു കൊണ്ട് അൽപം ദൂരപ്പെട്ടു

കയും, ബന്ധം ഇല്ലാത്ത കാരണത്താൽ Active അല്ലാതിരുന്ന വരെയും സംബന്ധിച്ച് ഞാൻ അവരുമായി വീണ്ടും ബന്ധപ്പെടുന്നതിനും ജമാഅത്തുമായുള്ള അവരുടെ ബന്ധത്തെ സുദൃഢപ്പെടുത്തുന്നതിനുമായി ഹാഫിസ് സാഹിബിനു മേൽ സമ്മർദം ചെലുത്തിയപ്പോൾ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹാഫിസ് സാഹിബ് ഇതു സംബന്ധമായും പൂർണ്ണമായി പരിശ്രമിക്കുകയുണ്ടായി. അങ്ങിനെ ലക്ഷക്കണക്കിന് പേരെ വീണ്ടും ജമാഅത്തുമായി സുദൃഢബന്ധം ഉള്ളവരും വിശ്വാസത്തിലും ആദർശത്തിലും അഭിവൃദ്ധിപ്പെടുന്നവരുമാക്കി മാറ്റി. ഹാഫിസ് സാഹിബ് പസഫിക് ദ്വീപുകളിൽ വസിക്കുന്നവരിൽ നിന്ന് അഹ്മദിയ്യത്തിനെതിരിൽ ഉന്നയിക്കുന്ന പ്രത്യേക ചോദ്യങ്ങളെയും ആരോപണങ്ങളെയും പരിഗണിച്ചു കൊണ്ട് അവരുടെ തബ്‌ലീഗിനായി ഒരു ഗ്രന്ഥവും രചിച്ചിരുന്നു. അതിന്റെ പേര് Islam In The Islands Removing The Impediments എന്നായിരുന്നു. കഴിഞ്ഞവർഷം 2011 ജൽസ സാലാന യു.കെയിൽ അഹ്മദിയ്യാ ഖിലാഫത്തിന്റെ വ്യതിരിക്ത സവിശേഷതകൾ എന്ന വിഷയത്തിൽ ഹാഫിസ് സാഹിബ് ഇവിടെ പ്രഭാഷണം നടത്തിയിരുന്നു. പസഫിക് രാജ്യങ്ങളിൽ കഴിച്ചു കൂട്ടിയതിന് ശേഷം ഘാനയിൽ എത്തിയതിന് ശേഷവും ഹാഫിസ് സാഹിബിനെ ഈ രാജ്യങ്ങളിൽ സന്ദർശനത്തിനായി അയച്ചു കൊണ്ടിരുന്നു. കാരണം അവിടെ അദ്ദേഹത്തിന്റെ നല്ല സ്വാധീനവും പ്രഭാവവുമുണ്ടായിരുന്നു. കൂടാതെ അദ്ദേഹത്തിന്റെ തബ്‌ലീഗിന്റെയും തർബിയത്തിന്റെയും ശൈലി വളരെ നല്ലതായിരുന്നു. 2007 ഒക്ടോബർ നവംബറിൽ അദ്ദേഹം ഈ ദ്വീപുകൾ സന്ദർശിച്ചു. 2003 ലും അദ്ദേഹത്തിനെ തെക്കൻ പെസഫിക്കിലെ ദ്വീപുകളിൽ സന്ദർശനത്തിനായി നിയോഗിക്കുകയുണ്ടായി. ഒന്നര മാസം നീണ്ടുനിന്ന അദ്ദേഹത്തിന്റെ 2001ലെ ആദ്യസന്ദർശനത്തിൽ അദ്ദേഹം ബന്ധത്തെ സുദൃഢമാക്കിയ രാജ്യങ്ങളിൽ വെസ്റ്റേൺ സാമ്വ, ടോംഗ, ഫിരിബാസ്, സോളമൻ ദ്വീപുകൾ, വൺവാതു, തവാലു എന്നിവ ഉൾപ്പെടുന്നു. ഇവിടെയുള്ള ജമാഅത്തുകളെ സുസജ്ജമാക്കി കൂടുതൽ ബയ്അത്തുകളും കരസ്ഥമാക്കി.

1988 ൽ ഹാഫിസ് അഹ്മദ് ജിബ്‌റായിൽ സഈദ് സാഹിബ് മുഖാന്തരം സോളമൻ ദ്വീപുകളിൽ ജമാഅത്തിന്റെ ചെടി നടപ്പെട്ടു. അഹ്മദിയ്യത്തിന്റെ ചെടി നടപ്പെട്ടു. കുറച്ചുകാലം അദ്ദേഹം മറ്റ് തിരക്കുകൾ കാരണം മറ്റ് ദ്വീപുകളിൽ പോയത് കാരണം അവിടെ പോകാൻ കഴിഞ്ഞില്ല. അതിനാൽ 1991ൽ അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅിന് ഒരു റിപ്പോർട്ടയച്ചു. അതിൽ അദ്ദേഹം എഴുതി. ഞാനിവിടെ രണ്ട് വർഷത്തിന് ശേഷമാണ് വന്നത്. അപ്പോൾ കണ്ടത്, രണ്ട് വർഷം മുമ്പ് ചെയ്ത പ്രവർത്തനങ്ങളെല്ലാം തന്നെ ഇല്ലാതായിരിക്കുന്നു. ഫിജിയിൽ നിന്ന് മുസ്‌ലിംലീഗിന്റെ ഒരു വ്യാപാരി വന്നുകൊണ്ട് എല്ലാവരുടേയും മനസ്സിൽ സംശയങ്ങൾ ജനിപ്പിച്ചുകൊണ്ട് ജമാഅത്തിൽ നിന്നും വേർപ്പെടുത്തി. എന്റെ പ്രവർത്തനങ്ങൾ പഴായത് കണ്ട് ഞാൻ അമ്പരന്നു പോയി. എഴുതുന്നു. ഹുസൂർ ഇത് എന്റെ പിഴവാണ്. ഞാൻ വളരെ വിനീതനായികൊണ്ട് ക്ഷമ യാചിക്കുന്നു. മറ്റ് ദ്വീപുകളിലുള്ള തിരക്കുകൾ കാരണം എനിക്കിവിടെ വരാൻ കഴിഞ്ഞില്ല. കഴിഞ്ഞ വർഷം ഇവിടെ വരാനുള്ള പരിപാടിയുണ്ടായിരുന്നു. എന്നാൽ ഡിസംബർ വരെ ഖരീബാത്തിയിൽ നിൽക്കാനുള്ള നിർദ്ദേശം ലഭിച്ചു. അദ്ദേഹം ഹുസൂറിനെഴുതുന്നു, ഇനി ഇവിടെ രണ്ടാമതും പ്രവർത്തനം ആരംഭിക്കേണ്ടതുണ്ട്. ദു:ആ ചെയ്യുക. അല്ലാഹു നമ്മുടെ ഉദ്ദേശ്യത്തെ വിജയിപ്പിക്കുമാറാകട്ടെ. മുസ്‌ലിം ലീഗിന് കുവൈറ്റിന്റെ പിന്തുണയുണ്ട്. പൈസ ചിലവഴിച്ച് മുസ്‌ലിംകൾ അവരെ അവിടെ എത്തിച്ചതായിരുന്നു. ഇസ്‌ലാം ഇവർ മുഖേനയാണ് അവിടെ എത്തിയത്. അവരെ പരാജയപ്പെടുത്താനുള്ള തൗഫീഖ് ലഭിക്കട്ടെ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അതിൽ ദു:ഖവും അദ്ദേഹത്തോട് നീരസവും പ്രകടിപ്പിച്ചിരുന്നു. അതിനു ശേഷം ഹാഫിസ് സാഹിബ് ഒരു നിമിഷം പോലും അടങ്ങിയിരുന്നില്ല. നഷ്ടപ്പെട്ടതെല്ലാം തിരിച്ചുപിടിക്കണമെന്ന ദൃഢനിശ്ചയമെടുത്തു. അങ്ങനെ നിരന്തരമായി രണ്ട് വർഷം പരിശ്രമിച്ചു കൊണ്ട് അവസാനം ആ പ്രദേശങ്ങളിൽ അഹ്മദിയ്യത്തിന്റെ ചെടി വീണ്ടും നടുക തന്നെ ചെയ്തു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ ഒരു സുദൃഢ ജമാഅത്ത് നിലവിലുണ്ട്. ഇവിടെയുള്ള അഹ്മദികളുടെ അംഗസംഖ്യ നൂറു കണക്കിന് വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു.

ഉന്നത അധികാരികളുമായി കണ്ടുമുട്ടി ജമാഅത്തിന്റെ റജിസ്ട്രേഷൻ ജോലി മുതൽ, ജമാഅത്തിന്റെ പ്രവർത്തക സമിതിയുടെ രൂപീകരണവും പരിശീലനവും വരെ ഹാഫിസ് സാഹിബ് ചെയ്യുകയുണ്ടായി. അതിന് ശേഷം ഹാഫിസ് സാഹിബ് വിവിധ പര്യടനങ്ങളിൽ ജമാഅത്തിന്റെ ദൃഢീകരണത്തിനും സുസ്ഥിരതയ്ക്കും വേണ്ടി സവിശേഷ സംഭാവനകൾ നൽകുകയുണ്ടായി. ഇപ്പോൾ അവിടെ റജിസ്ട്രേഷനും മിഷൻ ഹൗസും പള്ളിയുമൊക്കെയായി.

2005 ൽ ഞാൻ ആസ്ട്രേലിയായിൽ പോയപ്പോൾ സോളമൻ ദ്വീപുകളിലെ സദ്ർ സാഹിബ് മുബശിർ മാർട്ട്നസൂസ് സാഹിബ് അവിടെ വരുകയും ഞാനുമായി കൂടിക്കാഴ്ച്ച നടത്തുകയും ചെയ്തിരുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ ഹാഫിസ് ജിബ്‌റായിൽ സഈദ് സാഹിബ് മുഖേന 1994ലാണ് അഹ്മദിയ്യത്ത് സ്വീകരിച്ചത്. ഞങ്ങളുടെ ഈ രാജ്യത്ത് അഹ്മദിയ്യത്ത് എത്തുന്നതിനു മുമ്പ് ഒരു മുസ്‌ലിമും ഉണ്ടായിരുന്നില്ല അങ്ങിനെ അഹ്മദിയ്യാ ജമാഅത്ത് മുഖേന ഈ രാജ്യത്ത് ആദ്യമായി ഇസ്‌ലാം പ്രവേശിച്ചു. ഇതിനുള്ള ഭാഗ്യം ഹാഫിസ് ജിബ്‌റായിൽ സഈദ് സാഹിബിനാണ് ലഭിച്ചത്.

തന്റെ പഴയൊരു റിപ്പോർട്ടിൽ ഹാഫിസ് സാഹിബ് പരാമർശിക്കുന്നു, 2001 സെപ്തംബർ 9 ന് ഫിജിയിലെത്തി. അവിടെ നിന്ന് ഡിസംബർ 10 ന് മാർഷൽ ദ്വീപിലേക്ക് പുറപ്പെട്ടു ഖരീബാസിൽ രണ്ടു ദിവസം ട്രാൻസിസ്റ്റ് ആയി തങ്ങി. സെപ്തംബർ 11 ന് ഞാൻ ട്രാൻസിസ്റ്റിലായിരുന്ന സമയത്ത് അമേരിക്കയിൽ വേൾഡ് ട്രേഡ് സെന്ററിന്റെ സംഭവം ഉണ്ടായി. മാർഷൽ ദ്വീപിൽ അമേരിക്കയുടെ വലിയ സൈന്യസങ്കേതം ഉള്ളതിനാലും ആ രാജ്യത്തിന്റെ പ്രതിരോധ സംവിധാനം അമേരിക്കയുടെ കയ്യിലായതിനാലും ഇനി എന്താണ് സംഭവിക്കുക എന്ന ചിന്ത സ്വാഭാവികമായി ഉടലെടുത്തു. കാരണം വിനീതന് ഓർമയുണ്ട്, 10 വർഷങ്ങൾക്ക് മുമ്പ് ഗൾഫ് യുദ്ധസമയത്ത് വിനീതനിവിടെ ഉണ്ടായിരുന്നു. വളരെ പ്രയാസങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. ഏതായാലും എഴുതുന്നു, വിനീതൻ ധാരാളം ദു:ആ ചെയ്തു. പ്രതീക്ഷിച്ചിരിക്കണോ അതോ തിരിച്ചു പോകണമോ എന്ന്

ധാരാളം ചിന്തിച്ചു. അവസ്ഥ മോശമാണ്. തബ്ലീഗ് ചെയ്യുന്നതിനായി താങ്കൾ തെറ്റായ സമയമാണ് തിരഞ്ഞെടുത്തത്, ഉടൻ മടങ്ങി പോകുന്നതാണ് ഉത്തമം എന്ന അഭിപ്രായമാണ് ലഭിച്ചത്. പറയുന്നു. ഞാൻ വീണ്ടും ധാരാളം ദു:ആ ചെയ്തു. ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശത്താലാണ് വന്നിരിക്കുന്നത്. ഈ ലക്ഷ്യം കരസ്ഥമാക്കാതെ തിരിച്ചു പോകാൻ ആഗ്രഹിക്കുന്നില്ല. അവസ്ഥ വളരെ മോശമാണ്. പറയുന്നു. ദു:ആക്ക് ശേഷം എന്തിനി വേണ്ടിയാണോ വന്നത് അതിനായി ധൈര്യം ലഭിച്ചു. വിനീതൻ വിമാനമാർഗ്ഗം മാർഷൽ ദ്വീപിലെത്തി. അമേരിക്കയിലെ സംഭവശേഷം എല്ലാ വിമാനതാവളങ്ങളിലും സുരക്ഷ ശക്തമാക്കിയിരുന്നു. വിമാനതാവളത്തിലെത്തിയപ്പോൾ ഒരു പാക്കിസ്ഥാനിയെ മുസ്‌ലിമാണ് എന്ന കാരണത്താൽ മാത്രം തടഞ്ഞു വെച്ചിരിക്കുകയായിരുന്നു. പറയുന്നു. ഇമിഗ്രേഷൻ ഓഫീസർ എന്റെ പാസ്പോർട്ട് നോക്കിയ ശേഷം ചോദിച്ചു. നിങ്ങൾ എന്താണ് ചെയ്യുന്നത് ? ഞാൻ പറഞ്ഞു. ഞാനൊരു പ്രചാരകനാണ്. പേരിൽ നിന്ന് ഞാനും ഒരു മുസ്‌ലിമാണെന്ന് മനസ്സിലാക്കിയതെന്ന് തോന്നുന്നു. നിങ്ങളുടെ മതമേതാണെന്ന് അയാൾ ചോദിച്ചു. ഞാൻ പറഞ്ഞു. ഞാനൊരു അഹ്മദി മുസ്‌ലിമാണ്. അൽപം സാവകാശത്തിന് ശേഷം വീണ്ടും മതത്തെ കുറിച്ച് ചോദിച്ചു. ഞാൻ വീണ്ടും അതേ മറുപടി തന്നെ നൽകി. അതായത് ഞാനൊരു അഹമദി മുസ്‌ലിമാണ്. അപ്പോൾ അയാൾ എനിക്ക് ഒരു മാസത്തെ വിസ നൽകി. അങ്ങിനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് എൻട്രി ലഭിച്ചു.

മറ്റൊരു കത്തിൽ അദ്ദേഹം എഴുതുന്നു. മുഴുവൻ മാധ്യമങ്ങളും ഇസ്‌ലാമിനെതിരിൽ തുനിഞ്ഞിറങ്ങുകയും അൽഖായിദയേയും ഉസാമബിൻലാദനേയും പിടിച്ചുകൊണ്ട് ഇസ്‌ലാമിന് നേരെ അന്ധമായി അക്രമണങ്ങൾ അഴിച്ചുവിടുകയും ചെയ്യുന്ന ഒരു പ്രത്യേക അവസരത്തിൽ ഈ പര്യടനം അങ്ങേയറ്റം അനിവാര്യമായിരുന്നു എന്നാണ് ആപ്രദേശത്ത് എത്തിയപ്പോൾ മനസ്സിലായത്. ന്യൂയോർക്കിലെ സംഭവത്തിന് ശേഷം ജനങ്ങൾ ഇസ്‌ലാമിനെ സംബന്ധിച്ച് സംസാരിക്കാൻ തന്നെ തയ്യാറായിരുന്നില്ല. ഭൂരിഭാഗം പേരും മുസ്‌ലിമിന്റെ അടുത്തു ചെല്ലാൻ പോലും ഭയപ്പെട്ടിരുന്നു. ആ അവസരത്തിൽ മാധ്യമങ്ങളിലും മറ്റ് അവസരങ്ങളിലും ഇസ്‌ലാമിനെ പ്രതിരോധിക്കുന്നതിനുള്ള അവസരം ലഭിച്ചു. പ്രാദേശിക അഹ്മദികളെ ഇസ്‌ലാമിന്റെ പ്രതിരോധത്തിനായി തയ്യാറാക്കി. ഖരീബാസിൽ റേഡിയോയിലൂടെ ഇസ്‌ലാമിനെതിരായി ആരംഭിച്ച പ്രോപഗണ്ഡയിൽ നമ്മുടെ അഹ്മദികൾ കൂടുതൽ ദു:ഖിതരായി. അങ്ങിനെ വിനീതൻ ബ്രോഡ്കാസ്റ്റിങ്ങ് കോർപറേഷന്റെ മാനേജറുമായി ബന്ധപ്പെട്ടു സമയം നൽകാനായി അഭ്യർത്ഥിച്ചു. എനിക്ക് സമയം ലഭിച്ചു അൽഹംദുലില്ലാഹ്. അങ്ങിനെ വിനീതൻ എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും, അൽഖായിദയേയും ജിഹാദിനെ കുറിച്ചുള്ള ഇസ്‌ലാമിക കാഴ്ച്ചപ്പാടിനെ സംബന്ധിച്ചും അറിവ് നൽകി. അൽഹംദുലില്ലാഹ്. ഇത് വളരെ പ്രയോജനപ്പെട്ടു. പറയുന്നു. ആ സമയത്ത് കാലത്തിന്റെ ഖലീഫ അന്നേരം അവിടെ സന്ദർശിക്കാനായി നൽകിയ നിർദേശത്താൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിനെ പ്രതിരോധിക്കാനുള്ള അവസരം ലഭിക്കുക മാത്രമല്ല, മറിച്ച് ഈ സന്ദർശന വേളയിൽ 49 പുതിയ ബയ്അത്തുകൾ ലഭിക്കുകയും ചെയ്തു. മുമ്പ് മുസ്‌ലിംകളെ സമീപിക്കാൻ തന്നെ ജനങ്ങൾ ഭയന്നിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 49 പുതിയ ബയ്അത്തുകളും ലഭിച്ചു.

പിന്നീട് എഴുതുന്നു. അൽഹംദുലില്ലാഹ് അലാ ദാലിക്, ജമാഅത്തുകളെ സുസ്ഥിപ്പെടുത്തുന്നതിനായി പ്രവർത്തക സമിതിയുടെ തിരഞ്ഞെടുപ്പിനും, റജിസ്ട്രേഷനും വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിക്കുകയുണ്ടായി. ഘാനയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്ന മുബല്ലിഗീംകളും ദാഇയാനെ ഇലല്ലാഹും പറയുന്നത്, അദ്ദേഹത്തിന് തബ്ലീഗിനോട് ഭ്രാന്തമായ ആവേശമായിരുന്നു. അതിനായി രാപ്പകലിനെ ഒന്നാക്കുമായിരുന്നു. ദാഇയാനെ ഇലല്ലായുടെ ടീമുകളെ അയക്കുമ്പോൾ സ്വയം അവരുടെ പിറകെ പോകുമായിരുന്നു. അവരോടൊപ്പം കഴിയുമായിരുന്നു. പ്രവർത്തനങ്ങൾ എങ്ങിനെ നടക്കുന്നു, എവിടെയെല്ലാം നടക്കുന്നു, എന്ന് പരിശോധിക്കുമായിരുന്നു. അദ്ദേഹത്തിന് അസാധാരണ സഹനശക്തിയുണ്ടായിരുന്നു. കീഴിലുള്ളവർ തെറ്റ് ചെയ്യുകയാണെങ്കിൽ അവർക്ക് സനേഹത്തോടുകൂടി മനസ്സിലാക്കികൊടുക്കുമായിരുന്നു. സുഹൃത്തുക്കളുടെ ജോലിയേയും കുടുംബത്തിനെ കുറിച്ചുള്ള അറിവുണ്ടായിരുന്നു. അവരുടെ കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ശ്രമിക്കുമായിരുന്നു. ഏതെങ്കിലും മുബല്ലിഗിനെതിരിൽ പരാതി ഉണ്ടായാൽ അയാളെ പുറത്താക്കുന്നതിന് പകരം -അതായത് പ്രാദേശിക മുഅല്ലിമീംകൾ- അവരെ വീണ്ടും കർമ്മനിരതരും ജമാഅത്തിന് ഗുണകാരിയാക്കുന്നതിനുമായി ശ്രമിക്കുമായിരുന്നു. ചിലർ വളരെ പെട്ടെന്ന് പുറത്താക്കുന്നതിനും, പരാതിപ്പെടുവാനുള്ള തീരുമാനമെടുക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ പരിശ്രമം ഒരഹ്മദിയെ എത്രത്തോളം പ്രയോജനപ്പെടുത്തുവാൻ കഴിയുമോ പ്രത്യേകിച്ച് മുഅല്ലിമീംകളെ അത്രത്തോളം പ്രയോജനപ്പെടുത്തുകയായിരുന്നു.

പിന്നീട് അദ്ദേഹത്തിന്റെ മുഅല്ലിമിൻ സഹപ്രവർത്തകൻ എഴുതുന്നു. വലിയ വലിയ അനഹ്മദി പണ്ഡിതരുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. പെരുന്നാൾ തുടങ്ങിയ അവസരങ്ങളിൽ അവർക്കായി ഉപഹാരം കൊടുത്തയക്കുമായിരുന്നു. വളരെ അധികം സന്നദ്ധനും കർമ്മനിരതനുമായിരുന്നു. വടക്കൻ ഘാനയിലെ പ്രദേശങ്ങളിൽ അദ്ദേഹത്തിന്റെ വിശാലമായ തബ്ലീഗിന്റെ ദൗത്യത്തിന്റെ ഫലമായി അവിടങ്ങളിൽ ജമാഅത്ത് ചിരപരിചിതമായിക്കഴിഞ്ഞിരുന്നു.

ഇന്നേക്ക് 20 വർഷങ്ങൾക്കു മുമ്പ് അല്ലെങ്കിൽ 25 വർഷങ്ങൾക്ക് മുമ്പ് ഘാനയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രവേശനം അസാധ്യമായിരുന്നു. ഒന്നോ രണ്ടോ പേരാണ് അഹ്മദികളായിരുന്നത്. വടക്കൻ മേഖലകൾ മുസ്‌ലിം പ്രാബല്യ മേഖലകളായിരുന്നു. അവിടത്തെ ഇമാം കഠിനമായി എതിർക്കുന്ന ആളായിരുന്നു. ആരംഭത്തിൽ അഹ്മദിയ്യത്ത് അവിടെ എത്തിയപ്പോൾ വടക്ക് പടിഞ്ഞാറൻ പ്രദേശങ്ങളിലായിരുന്ന നമ്മുടെ അഹ്മദികൾക്കെതിരിൽ കേസ് നടക്കുകയും, പിഴ ചുമത്തപ്പെടുകയും, തടവിലാക്കപ്പെടുകയും ചെയ്തത്. എന്നാൽ ഇപ്പോൾ അവിടത്തെ അവസ്ഥ തന്നെ കീഴ്മേൽ മാറിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പള്ളികളും നിർമ്മിച്ച് കൊണ്ടിരിക്കുന്നു. അവിടത്തെ മുസ്‌ലിംകളിൽ നിന്ന് മാത്രമല്ല ഇമാമുകളിൽ നിന്ന് പോലും ആളുകൾ ജമാ

അത്തിൽ പ്രവേശിക്കുന്നു. ജമാഅത്ത് ഇപ്പോൾ അവിടെ സുപരിചിതമാണ്.

ഹാഫിസ് സാഹിബ് രഹസ്യമായി അനവധിപേർക്ക് ദാനധർമ്മങ്ങൾ നൽകുമായിരുന്നു. ധനികരും ദരിദ്രരുമായ എല്ലാവരോടും അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. ആളുകളുടെ വ്യക്തിഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പൂർണ്ണ ശ്രമം നടത്തുമായിരുന്നു. ആളുകളെ കൊണ്ട് പണിയെടുപ്പിക്കുന്ന രീതി അദ്ദേഹത്തിന് നല്ല വശമായിരുന്നു.

ഘാനയിലെ ധനാഢ്യരായ അഹ്മദി വ്യക്തികളുമായി അദ്ദേഹത്തിന് നല്ല ബന്ധമുണ്ടായിരുന്നു. അവരുടെ സഹായത്താൽ വടക്കൻ മേഖലകളിൽ പള്ളികൾ നിർമ്മിക്കുവാനായി ഉദാരമതികളായ അഹ്മദികളെ . അല്ലാഹു നിങ്ങൾക്ക് ഇത്രയധികം അനുഗ്രഹങ്ങൾ നൽകിയിരിക്കുന്നു, ഈ അനുഗ്രഹങ്ങളുടെ നന്ദി പ്രകടനം ഈ ദരിദ്രമേഖലകളിൽ പള്ളി നിർമ്മിച്ചു നൽകുക എന്ന് പറഞ്ഞ് പ്രേരിപ്പിക്കുമായിരുന്നു. അങ്ങിനെ അവിടെ ധാരാളം ചെറിയ പള്ളികൾ നിർമ്മിക്കപ്പെട്ടു. എം.ടി.എയിൽ ഒരു അഭിമുഖത്തിനിടയിൽ അദ്ദേഹം പറഞ്ഞു, വഖ്ഫും ജമാഅത്തിന്റെ സേവനവും ഞങ്ങളുടെ രക്തത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ട്. എന്റെ പിതാവ് ഗാംബിയായിലെ ആദ്യ മുബല്ലിഗായിരുന്നു. അദ്ദേഹത്തിൽ നിന്ന് ചൗധരി മുഹമ്മദ് ശരീഫ് സാഹിബ് ചാർജ് ഏറ്റെടുത്തിരുന്നു. പിന്നീട് എന്റെ പിതാവിന് ലൈബേരിയായിലും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു. ഹാഫിസ് ജിബ്രായിൽ സഈദ് സാഹിബ് യഥാർത്ഥത്തിൽ സേവനാവേശത്താൽ ഭരിതനായിരുന്നു. ഉത്തരവാദിത്വ ബോധമുണ്ടായിരുന്നു. തന്റെ രോഗാവസ്ഥയിലും അദ്ദേഹം എനിക്ക് അവസാന കത്തെഴുതി. ഇങ്ങിനെ എഴുതിയിരുന്നു, ഐസിയുവിൽ പ്രവേശിപ്പിച്ചിരിക്കുകയായിരുന്നു. ഐസിയുവിൽ സാധാരണ ആളുകൾ ബോധശൂന്യരായിരിക്കും. വളരെ പ്രയാസത്തിലായിരുന്നു. എഴുതുന്നു. ഐസിയുവിൽ വെച്ച് വളരെ പ്രയാസകരമായ അവസ്ഥയിലാണ് ഞാനീ കത്തെഴുതുന്നത്. കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകികൊണ്ടിരിക്കുന്നു. ഹുസൂർ ജോലി ധാരാളമുണ്ട് ശക്തി തീരെയില്ല. അതായത് അവസാനം വരെയുണ്ടായിരുന്ന ചിന്ത ഇസ്ലാമിന്റെ സന്ദേശം എങ്ങിനെയാണ് രാജ്യത്തിന്റെ കോണുകളോളം എത്തിച്ച് കൊണ്ട് മുഴുവൻ ഘാനക്കാരെയും അഹ്മദിയ്യത്തിന്റെ മടിത്തട്ടിലേക്ക് എത്തിക്കുക എന്നതായിരുന്നു.

അദ്ദേഹം തന്റെ ഒരു അഭിമുഖത്തിൽ പാക്കിസ്ഥാനിൽ പോയ സംഭവം പറയുന്നുണ്ട്. അത് വളരെ ഹൃദയഹാരിയാണ്. അദ്ദേഹം പറയുന്നു, ഏതെങ്കിലും കുട്ടിയെ ഖുർആൻ മന:പാഠമാക്കുന്നതിനായി പാക്കിസ്ഥാനിലേക്ക് അയക്കാൻ ഘാനയിലെ ജമാഅത്ത് തീരുമാനിച്ചു. അങ്ങനെ സ്കൂളിലെ കുട്ടികളെ നിരീക്ഷിച്ചപ്പോൾ ഹാഫിസ് സാഹിബ് പറയുന്നു. എന്നെ തിരഞ്ഞെടുത്ത. എന്റെ പിതാവ് എന്നോട് ചോദിച്ചപ്പോൾ ഞാൻ സമ്മതം അറിയിച്ചു. അന്നേരം ഇപ്പോൾ അവിടുത്തെ മുബല്ലിഗായ മുഹമ്മദ്ബിൻ സാലിഹ് സാഹിബിനേയും ഇപ്പോൾ ട്രിനിഡാഡിലുള്ള ഘാനിയൻ മുബല്ലിഗായ ഇബ്റാഹിം ബിൻ യാക്കൂബ് സാഹിബിനേയും ജാമിഅ അഹ്മദിയ്യായിൽ പഠിപ്പിക്കുന്നതിനായി പാക്കിസ്ഥാനിലേക്ക് അയക്കുകയായിരുന്നു. പറയുന്നു. ഞങ്ങൾ മൂന്നു പേരുടേയും വൈദ്യ പരിശോധന നടന്നു അവർ രണ്ടുപേരും അതിൽ വിജയിച്ചു. എന്നാൽ എന്നെ സംബന്ധിച്ച് ഡോക്ടർ സാഹിബ് വിധിയെഴുതി, ഇവൻ വളരെ മെലിഞ്ഞതാണ്. ഭാരവും കുറവാണ്. പാക്കിസ്ഥാനിലെ കാലാവസ്ഥ കഠിനമാണ്. കൊടും തണുപ്പും കൊടും ചൂടുമാണ്. അത് സഹിക്കാൻ കഴിയില്ല. അങ്ങിനെ ഞാൻ അൺഫിറ്റായി. അതിൽ എന്റെ പിതാവിന് കഠിനമായ വിഷമമുണ്ടായി. അദ്ദേഹം ദു:ആ ചെയ്യാൻ തുടങ്ങി. ഒരിക്കൽ അന്നത്തെ ഘാന അമീറായ ബഹുമാന്യ അത്താഉല്ലാ കലിം സാഹിബിനോട് ഹാഫിസ് സാഹിബിന്റെ പിതാവ് പറഞ്ഞു. എന്റെ മകൻ തീർച്ചയായും പാക്കിസ്ഥാനിൽ പോകുന്നതാണ്. അമീർ സാഹിബ് ചോദിച്ചു. അതെങ്ങിനെ? പിതാവ് പറഞ്ഞു. ഞാൻ തഹജ്ജുദ് നമസ്കരിക്കുകയായിരുന്നപ്പോൾ എന്റെ കാതുകളിൽ സ്പഷ്ടമായ ശബ്ദം വന്നടിച്ചു. **ഇന്ന ലിൽ മുത്തഖീന മഫാദാ.** ഭയഭക്തിയുള്ളവർക്ക് വിജയമുണ്ട്. ഞാൻ ആ ദിവസങ്ങളിൽ മകനുവേണ്ടി ധാരാളം ദു:ആ ചെയ്യുകയായിരുന്നു. ഈ സുവാർത്ത എന്റെ മകനു വേണ്ടിയുള്ളതാണ്. പറയുന്നു എന്റെ പിതാവ് എനിക്ക് മാർജറിന്റെ കുപ്പി കൊണ്ടുവന്ന് തന്നു. എന്റെ ആരോഗ്യം മെച്ചപ്പെടുത്തുവാനായി അത് കഴിക്കുന്നതിലേക്ക് ശ്രദ്ധിച്ചു. രണ്ട് മൂന്ന് ആഴ്ച്ചകൾക്ക് ശേഷം വീണ്ടും പരിശോധനക്കായി അയച്ചപ്പോൾ ഡോക്ടർ എന്നെ ഫിറ്റാക്കുകയുണ്ടായി. ഈ കുട്ടി പൂർണ്ണമായും ഫിറ്റ് ആണ് യാതൊരു കുഴപ്പവുമില്ല എന്ന് രേഖപ്പെടുത്തി. പറയുന്നു, എന്റെ പിതാവ് എനിക്ക് കത്തെഴുതുമ്പോഴെക്കെ തന്നെ പറയുമായിരുന്നു, നിന്റെ യാത്ര അല്ലാഹുവിന്റെ വിധിയാണ്. അതിനാൽ ഗൗരവപൂർവ്വം പഠിത്തത്തിലേക്ക് ശ്രദ്ധിക്കുക. പിന്നീട് അദ്ദേഹം പിതാവിന്റെ അഭിപ്രായത്തെ പൂർത്തിയാക്കുകയുണ്ടായി.

ഭാര്യ ഹനാ സഈദ് സാഹിബയെ കൂടാതെ രണ്ട് ആൺകുട്ടികളും പെൺകുട്ടികളുമാണുള്ളത്. അവരുടെ പേര് ബാർബാഗ്, സബാക്കോജോർ, മുനീർഹാദി, തഹ്മിന എന്നിങ്ങനെയാണ്. കുട്ടികളും ആത്മീയ ഭൗതിക വിദ്യാഭ്യാസത്തിൽ മുന്നേറുന്നതിനായി അദ്ദേഹം ശ്രമിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തുമായുള്ള അവരുടെ ബന്ധവും സുദൃഢമാണ്. ദീനി വിദ്യാഭ്യാസത്തിലും ഭൗതിക വിദ്യാഭ്യാസത്തിലും മുന്നിലാണ്. 3 കുട്ടികൾ MSc ചെയ്തിട്ടുണ്ട്. ഒരു പെൺകുട്ടി Phd യും ചെയ്യുന്നുണ്ട്. 2007 ൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹാഫിസ് സാഹിബിന് ഹജ്ജ് ചെയ്യാനുള്ള അവസരവും ലഭിച്ചു. അദ്ദേഹത്തിന്റെ ജാമിഅയിലെ സഹപാഠിയായിരുന്ന ജർമനിയിലെ മുറബ്ബി സിൽസിലയായ ബഹുമാന്യ ഇൽയാസ് മുനീർ സാഹിബ്. അദ്ദേഹം എഴുതുന്നു, ഹാഫിസ് ജിബ്റായിൽ സഈദ് സാഹിബ് ജാമിഅയിൽ എന്നേക്കാൾ ഒരു വർഷം പിന്നിലായിരുന്നു. എന്നാൽ വളരെ മുന്നിൽ കടന്നു പോയി. അദ്ദേഹത്തെ ഞാൻ ചെറുപ്രായത്തിൽ തന്നെ ചെറിയ കുട്ടിയുടെ രൂപത്തിൽ കണ്ടിട്ടുണ്ട്. തന്റെ നിഷ്കളങ്ക പ്രായത്തിൽ ഖുർആൻ മനപാഠമാക്കുന്നതിനായി ജാമിഅയിൽ പ്രവേശിച്ചപ്പോൾ. അദ്ദേഹത്തിന് ഖുർആൻ മനപാഠമാക്കുന്നതിനുള്ള ഭാഗ്യം മാത്രമല്ല സിദ്ധിച്ചത്, മറിച്ച് വളരെ മാധുര്യമേറിയ ശബ്ദവും അദ്ദേഹത്തിന് പ്രകൃതി കനിഞ്ഞരുളിയിരുന്നു. തൽഫലമായി ജാമിഅ കാലഘട്ടത്തിലും അതിനു ശേഷവും ജൽസയുടെ അവസരങ്ങളിൽ സന്നിഹിതരായവർക്ക് അത് അനുഭവിച്ചറിയാ

നുള്ള ഭാഗ്യവും ലഭിച്ചു. പറയുന്നു ഞാനദ്ദേഹത്തെ വളരെ യോഗ്യനായ, സ്വന്തം ജോലിയിലും അറിവിലും നിയന്ത്രണമുള്ള മുറബ്ബിയായി കാണുകയുണ്ടായി. പ്രബലമായ വ്യക്തിത്വത്തോടൊപ്പം അങ്ങേയറ്റം അനുസരണശീലമുള്ള വ്യക്തിയും സൗഭാഗ്യവാനുമായിരുന്നു. മെലിഞ്ഞ ശരീരമായിരുന്നു. വളർന്ന് വളർന്ന് ജാമിഅയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ഉയരം 6 അടിയായി. ബലിഷ്ടമായ ശരീരവുമായി.

പറയുന്നു മർഹൂം ജമാഅത്ത് വ്യവസ്ഥയെ മനസ്സിലാക്കുകയും നിസാരകാര്യങ്ങളിൽ പോലും നിഷ്കർഷത പുലർത്തുന്ന വ്യക്തിയും ആത്മാർത്ഥ മനുഷ്യനുമായിരുന്നു. ഒരിക്കൽ ഒരു സുഹൃത്ത് ആഫ്രിക്കനല്ലെ പഞ്ചാബി അറിയില്ല എന്നു കരുതി അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തെ കുറിച്ച് അനുചിതമായി വാക്കുകൾ പറഞ്ഞു. എന്നാൽ അദ്ദേഹത്തിന് അത് മനസ്സിലായിട്ടും അറിഞ്ഞതായി പ്രകടിപ്പിച്ചില്ല.

അൽഫള്ൽ എഡിറ്റർ അബ്ദുസ്സമിഅ് സാഹിബ് എഴുതുന്നു. ഹാഫിസ് ജിബ്റായിൽ സഈദ് സാഹിബും വിനീതനും 1975 മുതൽ 1982 വരെ ജാമിഅ അഹ്മദിയ്യായിൽ സഹപാഠികളായിരുന്നു. ഹാഫിസ് സാഹിബ് കഠിന പരിശ്രമശാലിയും ഉത്തരവാദിത്വ ബോധമുള്ളതും ജമാഅത്തിനോട് സ്നേഹമുള്ള വ്യക്തിയുമായിരുന്നു. അദ്ധ്യാപകരെ വളരെ അധികം ആദരിക്കുന്ന വ്യക്തിയുമായിരുന്നു. ഉർദു നന്നായി പഠിച്ചിരുന്നു. മറ്റ് സഹപാഠികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിൽ സഹായിക്കുമായിരുന്നു. ഇംഗ്ലീഷ് അറബി പ്രസംഗങ്ങളിലും ഉപന്യാസമത്സരത്തിലും പങ്കെടുക്കുമായിരുന്നു. കഠിന മത്സരമായിരുന്നു ഉണ്ടായിരുന്നത്. എപ്പോഴും സന്തോഷവും പ്രസന്നതയും അദ്ദേഹത്തിന്റെ മുഖത്ത് കളിയാടുമായിരുന്നു എന്തവസ്ഥയായാലും ഒരിക്കലും തന്നെ അദ്ദേഹത്തിന്റെ മുഖത്ത് ദു:ഖത്തിന്റെ അടയാളം ഞാൻ കണ്ടിട്ടില്ല. എപ്പോഴും പുഞ്ചിരിച്ചുകൊണ്ടിരിക്കുമായിരുന്നു.

ഘാനയിലും പിന്നീട് ഇവിടെയും ഞാനദ്ദേഹത്തെ കണ്ടിട്ടുണ്ട്. കളിയിൽ താൽപര്യമുള്ളവ്യക്തിയായിരുന്നു. നല്ല ഫുട്ബോൾ കളിക്കാരനായിരുന്നു. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ജോലികളിൽ നല്ല പോലെ പങ്കെടുക്കുമായിരുന്നു. സുഹൃത്തുക്കളുമായി പഴയ ബന്ധം നിലനാട്ടിപ്പോന്നിരുന്നു. 2005 ൽ ഖാദിയാനിൽ വന്നപ്പോൾ എല്ലാ സുഹൃത്തുക്കൾക്കും വിരുന്ന് നൽകി.

അഹ്മദ് ജിബ്റായിൽ സഈദിനെ സംബന്ധിച്ചുള്ള മറ്റ് റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നത്, ഘാനയുടെ അയൽ രാജ്യമായ ടോഗോയിൽ അതിർത്തിക്കടുത്ത് വടക്കൻ മേഖലകളിൽ തബ്ലീഗിനായി തൗഫീഖ് ലഭിച്ചിട്ടുണ്ട്. നിരവധി തവണ അദ്ദേഹം ഈ മേഖലകളിൽ പര്യടനം നടത്തുകയും തബ്ലീഗി ദൗത്യങ്ങൾ നടത്തുകയും ചെയ്തു. എതിർപ്പും കഠിനമായിരുന്നു അദ്ദേഹത്തിന്റെ ശ്രമഫലമായി ടോഗോ രാജ്യത്തിന്റെ 5 മേഖലകളിൽ, മുംപാഗ, മുംപറോഗ്, മാംഗോ, ബാവ്ലെ, ലിമോകാര എന്നിവിടങ്ങളിൽ ജമാഅത്ത് സ്ഥാപിതമായി.അതു പോലെ ബുർകിനോഫാസോ രാജ്യത്തും അദ്ദേഹം ധാരാളം പര്യടനങ്ങൾ നടത്തി. അവിടെയും ധാരാളം ജമാഅത്തി പരിപാടികളിൽ പങ്കെടുത്തു. ധാരാളം തബ്ലീഗ് തർബിയത്തിപരമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു.

ഫിജിയുടെ അമീർ ജമാഅത്ത് ഫള്ലുല്ലാഹ് താരിഖ് സാഹിബ് എഴുതുന്നു. ഹാഫിസ് അഹ്മദ് ജിബ്റായിൽ സഈദ് സാഹിബ് 2003 ൽ ഫിജിയിൽ വന്നപ്പോൾ അന്നാദ്യമായി അദ്ദേഹവുമായി ഞാൻ കണ്ടുമുട്ടി. അടുത്ത് കഴിയുന്നതിനുള്ള അവസരവും ലഭിച്ചു. ഹാഫിസ് സാഹിബിന്റെ ഒരു നല്ല ശീലം ആദ്യത്തെ കണ്ടുമുട്ടലിൽ തന്നെ കാണാൻ കഴിഞ്ഞു. അതെന്തെന്നാൽ രാത്രിയിൽ ഹാഫിസ് സാഹിബിന്റെ കണ്ണ് തുറന്നാൽ അദ്ദേഹം ഖുർആൻ ഓതികൊണ്ടിരിക്കുമായിരുന്നു. ഖുർആൻ ഹാഫിളായിരുന്നതിനോടൊപ്പം തന്നെ അദ്ദേഹം ധാരാളം നന്മയുടെ ഉടമസ്ഥനുമായിരുന്നു. തബ്ലീഗി മൈതാനത്ത് അനുഭവസ്ഥനായിരുന്നു. ചെറിയവരോടും വലിയവരോടും എല്ലാവരോടും അവരവരുടെ പ്രകൃതമനുസരിച്ച് തബ്ലീഗി സംഭാഷണങ്ങളിൽ ഏർപ്പെടുമായിരുന്നു. ദീനി അറിവിനോടൊപ്പം തന്നെ ഭൗതിക അറിവുമുണ്ടായിരുന്നു. ഒരു വിജയിയായ മുബല്ലിഗിനെ പോലെ ഓരോ വാക്കുകളിലും ഇസ്ലാമിന്റെ സന്ദേശം എത്തിക്കുമായിരുന്നു. അദ്ദേഹത്തിന്റെ സംഭാഷണം കൃത്രിമത്വമുള്ളതായിരുന്നില്ല. ചിരിച്ച് പുഞ്ചിരിച്ച് പ്രയാസമുള്ള കാര്യങ്ങളും സരളമായി അവതരിപ്പിക്കുമായിരുന്നു. കരിബാത്തിലെ മുബല്ലിഗ് ഇബ്റാഹിം ഏകെയാർകോ സാഹിബ് കത്തിലെഴുതുന്നു, ഹാഫിസ് അഹ്മദ് ജിബ്റാഈൽ സഈദ് സാഹിബ് കരിബാത്തി, തവാലുഅ് തുങ്ങിയ മറ്റ് ദ്വീപുകളിൽ തബ്ലീഗിന് വേണ്ടി ധാരാളം സന്ദർശനങ്ങൾ നടത്തിയിരുന്നു. അപ്പോഴെല്ലാം അദ്ദേഹത്തിന്റെ കുടുംബം ഒറ്റക്കാകുമായിരുന്നു. പര്യടനത്തിനായി വിവിധ സ്ഥലങ്ങളിൽ പോകുമ്പോൾ ഒരിക്കലും കുടുംബത്തെക്കുറിച്ച് ചിന്തിച്ചിരുന്നില്ല. മറിച്ച് പറയുമായിരുന്നു, ഇസ്ലാമിന്റെ സന്ദേശം എത്തിക്കുവാനായി ഖലീഫത്തുൽ മസീഹ് എന്നെ തിരഞ്ഞെടുത്തിരിക്കുന്നു. എന്നെ ഇവിടെ അയച്ചിരിക്കുകയാണ്. ഖലീഫത്തുൽ മസീഹ് എനിക്ക് വേണ്ടി ദുആയും ചെയ്യുന്നുണ്ട്. അതിനാൽ അദ്ദേഹം തബ്ലീഗിന്റെ ഒരവസരവും പാഴാക്കിയിട്ടില്ല. കാലത്തിന്റെ ഖലീഫയുടെ പ്രതീക്ഷകളെ പൂർത്തിയാക്കുന്നതിനായി എപ്പോഴും ശ്രമിച്ചിരുന്നു.

അദ്ദേഹത്തിന്റെ നിയമനം വീണ്ടും ഘാനയിൽ ഉണ്ടായപ്പോൾ ആ ദ്വീപ് രാഷ്ട്രങ്ങളുമായുള്ള ബന്ധം അദ്ദേഹം വിച്ഛേദിച്ചില്ല. മറിച്ച് പ്രസ്തുത ദ്വീപുകളിലെ തബ്ലീഗിനെക്കുറിച്ച് അദ്ദേഹത്തിന് എപ്പോഴും ചിന്തയുണ്ടായിരുന്നു. 2010 ൽ ഞാൻ വീണ്ടും അദ്ദേഹത്തെ സന്ദർശനത്തിനായി അയച്ചപ്പോൾ വളരെ വിപുലമായ സന്ദർശനം നടത്തുകയു ണ്ടായി. ധാരാളം വിവരങ്ങളും അദ്ദേഹം കൊണ്ടുവന്നു തന്നു. അവിടെ ജമാഅത്തിനെ നല്ല പോലെ എസ്റ്റാബ്ലിഷ് ചെയ്യുകയുണ്ടായി. കരിബാത്തിയിലെ മുബല്ലിഗ് എഴുതുന്നു, ഹാഫിസ് അഹ്മദ് ജിബ്റാഈൽ സഈദ് സാഹിബ് തന്റെ രോഗത്തിന്റെ അവസാന നാളുകളിൽ അദ്ദേഹം കരിബാത്തിയിലെ ആദ്യ അഹ്മദിയായിരുന്ന ബഹുമാന്യ അനീസ് കിലാത്ത സാഹിബിന്റെ ഭാര്യക്ക് ഫോൺ ചെയ്തുകൊണ്ട് ജമാഅത്തുമായി ബന്ധം നിലനിർത്തുന്നതിനായി ഉപദേശിച്ചുകൊണ്ട് പറഞ്ഞു, നിങ്ങൾ എപ്പോഴും ഓർക്കേണ്ടത് - ആശുപത്രിയിൽ നിന്നാണ് ഫോൺ ചെയ്യുന്നത്. അവിടെ രോഗിക്ക് രോഗത്തെക്കുറിച്ചുള്ള ചിന്തയാണ് ഉണ്ടാകുക, അതും വിദൂരമേഖലയിലുള്ള ദ്വീപിൽ - പറയുന്നു, നിങ്ങൾ ഓർ

ക്കുക, അല്ലാഹു ഇസ്‌ലാമിന്റെ അനുഗ്രഹം നിങ്ങൾക്ക് നൽകിയരുളി. നിങ്ങൾക്ക് ഇസ്‌ലാമിനെ അന്വേഷിക്കുന്നതിനായി യാത്ര ചെയ്യേണ്ടി വന്നില്ല. മറിച്ച് അല്ലാഹു നിങ്ങളുടെ വീടുകളിൽ ഇസ്‌ലാമിനെ എത്തിച്ചുകൊണ്ട് നിങ്ങളിൽ കരുണ കാണിച്ചിരിക്കുന്നു. അതിനാൽ ഒരിക്കലും ജമാഅത്തിനെ ഉപേക്ഷിക്കരുത്.

അഹ്‌മദ് ജിബ്‌റാഈൽ സഈദ് മുഖേന ബയ്‌അത്ത് ചെയ്തവരിൽ ഒരു ഡോക്ടർ അലി വിർഗോ സാഹിബുമുണ്ട്. അദ്ദേഹം ഭാര്യാമക്കളോടൊപ്പമാണ് അഹ്‌മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ രണ്ട് ആൺമക്കളും ഡോക്ടർ മാരാണ്. അദ്ദേഹം കരീബാത്തി ഭാഷയിലെ നിപുണനനാണ്. ഇപ്പോൾ അദ്ദേഹം കരീബാത്തി ഭാഷയിൽ വിശുദ്ധ ഖുർആൻ പരിഭാഷപ്പെടുത്തുകയാണ്. പൂർത്തിയാക്കഴിഞ്ഞു. ഇപ്പോൾ റിവ്യൂ നടക്കുകയാണ്.

അല്ലാഹു അഹ്‌മദിയ്യത്തിന്റെ ഈ അഭിമാന രാജകുമാരനെ സ്വന്തം തൃപ്തിയുടെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കട്ടെ. അഹ്‌മദിയ്യാ ഖിലാഫത്തിന് അദ്ദേഹത്തെപ്പോലെയുള്ള നൂറു കണക്കിനും ആയിരക്കണക്കിനും സുൽത്താൻ നസീർമാരെ നൽകിയനുഗ്രഹിക്കട്ടെ. അദ്ദേഹത്തെ പോലെ യോഗ്യനായ വിനീതനായ കുറുള്ള ജമാഅത്തീ സേവകന്റെ വിടവാങ്ങൽ ദു:ഖാർദ്രമാണ്. എന്നാൽ അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ് തനാവുകയാണ് ഒരു വിശ്വാസിയുടെ അടയാളം. اِنَّا لِلّٰہِ وَ اِنَّاۤ اِلَیۡہِ رٰجِعُوۡنَ തന്നെയാണ് നമ്മുടെ ദുആയും ആശ്രയവും. അദ്ദേഹത്തിന്റെ വിടവാങ്ങലിൽ മനുഷ്യത്വപരമായി എനിക്ക് ചിന്തയുണ്ട്. അല്ലാഹു തന്റെ അനുഗ്രഹത്താൽ അതിനെ ദൂരീകരിക്കട്ടെ. ഘാനയിൽ ഇപ്പോൾ മദ്‌റസത്തുൽ ഹിഫ്‌ളും സ്ഥാപിതമായിട്ടുണ്ട്. മറിച്ച് ഹാഫിളിന്റെ ആദ്യ ക്ലാസ് പുറത്തിറങ്ങിക്കഴിഞ്ഞു എന്നാണെന്റെ വിശ്വാസം. ശാഹിദ് മുബല്ലിഗീങ്ങളെ തയ്യാറാക്കുന്നതിനായി ജാമിഅ അഹ്‌മദിയ്യും ആരംഭിച്ചിട്ടുണ്ട്. അത് വെസ്റ്റ് ആഫ്രിക്കൻ റീജനെ അല്ലെങ്കിൽ കുറഞ്ഞ പക്ഷം മുഴുവൻ ആഫ്രിക്കയെയും നിയന്ത്രിക്കുന്നതാണ്. അതിൽ നിന്നും ഹാഫിസ് സാഹിബിനെ പോലെയുള്ള, മറിച്ച് അതിനെക്കാൾ ഉത്തമരായ ദീനീസേവകർ പുറത്തു വരട്ടെ. തഖ്‌വയുടെ സൂക്ഷ്മ മാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്ന വരാകട്ടെ അവർ.

ഇപ്പോൾ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യരായവരിൽ രണ്ട് പേരെ സ്മരിക്കുന്നതാണെന്ന് ഞാൻ പറഞ്ഞിരുന്നു. രണ്ടാമത്തെ ആത്മാർത്ഥ വ്യക്തിയെക്കുറിച്ചും പരാമർശിക്കുകയാണ്. അദ്ദേഹത്തിന് കഴിഞ്ഞ ദിവസം കോയിട്ടയിൽ ശഹാദത്തിന്റെ പദവി ലഭിക്കുകയുണ്ടായി.

وَلَا تَحۡسَبَنَّ الَّذِیۡنَ قُتِلُوۡا فِیۡ سَبِیۡلِ اللّٰہِ اَمۡوَاتًا ؕ بَلۡ اَحۡیَآءٌ عِنۡدَ رَبِّہِمۡ یُرۡزَقُوۡنَ ﴿۱۷۰﴾

എന്ന് അല്ലാഹു പറഞ്ഞ ഗണത്തിൽ അദ്ദേഹവും ഉൾപ്പെടുന്നു. അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെട്ടവരെ ഒരിക്കലും മൃതരായി ഗണിക്കരുത്. മറിച്ച് അവർ ജീവനുള്ളവരാണ്. അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ ജീവിത വിഭവം നൽകപ്പെടുന്നതാണ്.

ഈ ബഹുമതി ഇന്ന് കേവലം അഹ്‌മദിയ്യാ ജമാഅത്തംഗങ്ങൾക്ക് മാത്രമാണ് ലഭിക്കുന്നത്. അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെടുക. വിശ്വാസസംരക്ഷണത്തിനായി സ്വന്തം ജീവനെ കാണിക്കയായി സമർപ്പിക്കുന്നു. ഞാൻ മുമ്പ് പല തവണ പറഞ്ഞതുപോലെ ശത്രുക്കളുടെ ഈ കൊലവിളിയുടെ കുതന്ത്രങ്ങൾക്ക് അഹ്‌മദികളെ തങ്ങ ളുടെ ദീനിൽ നിന്ന് തെറ്റിച്ച് കളയാൻ സാധിക്കില്ല. اِنۡ شَآءَ اللّٰہ

കോയിട്ടയിൽ ശഹാദത്തിന്റെ ബഹുമതി കരസ്ഥമാക്കിയ വ്യക്തി നവാബ് ഖാൻ സാഹിബിന്റെ മകൻ മൻസൂർ അഹ്‌മദ് സാഹിബ് ആകുന്നു. 2012 നവംബർ 11 ന് കോയിട്ടയിലെ സാറ്റലൈറ്റ് ടൗണിൽ വെച്ചാണ് ശഹീദാക്കിയത്. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്‌മദിയ്യത്ത് പ്രവേശിച്ചത് അദ്ദേഹത്തിന്റെ പിതാവിന്റെ പ്രപിതാമഹി ഭാഗ്ബരി സാഹിബ എന്ന ബാഗോ സാഹിബ മുഖേനയായിരുന്നു. അവർ ഖാദിയാന് അടുത്തുള്ള നംഗൽ വാസിയായിരുന്നു. ഹദ്റത്ത് അഹ്‌മദ്(അ)ന്റെ കയ്യിൽ ബയ്‌അത്ത് ചെയ്തിരുന്നു. അങ്ങിനെ അവർ സഹാബിയയായിരുന്നു. പാകിസ്ഥാൻ നിലവിൽ വന്ന ശേഷം പാകിസ്ഥാനിലേക്ക് ഹിജ്റത്ത് ചെയ്ത് സാഹിവാൾ ജില്ലയിൽ താമസമുറപ്പിച്ചു. 1965 ൽ ക്വായിട്ടിയിലെത്തി. മൻസൂർ അഹ്‌മദ് സാഹിബ് ശഹീദ് 1978 ൽ ക്വായിട്ടയിൽ ജനിച്ചു. മെട്രിക്കിന് ശേഷം 1996ൽ തന്റെ ജോലി തുടങ്ങി. ഹാർഡ്‌വെയറിന്റെ കടയിട്ടു. അൽപകാലത്തിനുള്ളിൽ തന്നെ അല്ലാഹു വ്യാപാരത്തിന്റെ ധാരാളം അനുഗ്രഹങ്ങൾ നൽകി.

അദ്ദേഹത്തിന്റെ ശഹാദത്തിന്റെ സംഭവം ഇപ്രകാരമാണ്. മർഹൂം 2012 നവംബർ 11 ന് രാവിലെ 8 മണിയോടടുത്ത് സാറ്റ്‌ലൈറ്റ് ടൗണിലുള്ള തന്റെ വസതിയിൽ നിന്ന് സമീപത്തു തന്നെയുള്ള തന്റെ കടയിലേക്ക് പോകാനായി നടന്നു വരികയായിരുന്നു. അപ്പോൾ മോട്ടോർ സൈക്കിളിൽ രണ്ട് പേർ അവിടെയെത്തി. അതിലൊരാൾ മോട്ടോർ സൈക്കിളിൽ നിന്നും ഇറങ്ങി മൻസൂർ അഹ്‌മദ് സാഹിബിന്റെ നേർക്ക് നീങ്ങി. വെടിവെക്കാൻ ശ്രമിച്ചു, എന്നാൽ അടുത്തെത്തിയതിനാൽ അയാളുമായി മൻസൂർ സാഹിബ് മൽപ്പിടുത്തം തന്നെ നടത്തി. അദ്ദേഹത്തെ പിടിക്കാൻ ശ്രമിച്ചു. മൻസൂർ സാഹിബ് അയാളിൽ നിന്നും രക്ഷപ്പെട്ട് വീട്ടിലേക്ക് ഓടി. അവർ രണ്ടുപേരായിരുന്നു. അതിനാൽ വീട്ടിലേക്ക് ഓടുകയേ രക്ഷയുണ്ടായിരുന്നുള്ളൂ. വീട്ടിലെ ഗേറ്റിന്റെ തൂണിൽ കാൽമുട്ട് ഇടിക്കുകയും അദ്ദേഹം താഴെ വീഴുകയും ചെയ്തു. പിറകെ വന്ന ആക്രമി മൻസൂർ സാഹിബിനെ കണ്ടപ്പോൾ അദ്ദേഹത്തിന് നേരെ വെടിവെക്കാൻ തുടങ്ങി. ഒരു വെടിയുണ്ട തലയോടുരസി കടന്നുപ്പോയി. രണ്ടാമത്തെത് തലക്ക് പുറകിൽ തറച്ച് മൂക്കിനും നെറ്റിക്കും ഇടയിലൂടെ പുറത്തു വന്നു. തൽഫലമായി സംഭവസ്ഥലത്ത് തന്നെ ശഹീദായി اِنَّا لِلّٰہِ وَ اِنَّاۤ اِلَیۡہِ رٰجِعُوۡنَ

മർഹൂം നീണ്ട കാലമായി എതിർപ്പ് നേരിട്ടുകൊണ്ടിരിക്കുകയായിരുന്നു. സമീപത്തുള്ള വ്യപാരികളും എതിർക്കുന്നതിൽ മുൻപന്തിയിലായിരുന്നു. ആ പ്രദേശത്ത് കുറച്ചു കാലമായി സംഘടിതമായ നിലയിൽ ജമാഅത്തിനെതിരിൽ സാമൂഹ്യ ബഹിഷ്കരണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഹൽഖ സാറ്റ്‌ലൈറ്റ് ടൗണിലെ പ്രശസ്ത ഗോൾ മസ്ജിദിൽ ഡേരാ ഖാദി ഖാനിൽ നിന്നും ഒരു മൗലവി വന്ന് അഹ്‌മദികൾ വധശിക്ഷാർഹരാണെന്ന ഫത്‌വ നൽകുമായിരുന്നു. മുഴുവൻ പ്രദേശത്തും പ്രകോപിതമായ സാഹിത്യങ്ങൾ വിതരണം ചെയ്യുന്നുണ്ടായിരുന്നു. കഴിഞ്ഞ വർഷം ശഹീദ് മർഹൂമിന്റെ കടയോട് ചേർന്ന ഒരു അഹ്‌മദിയ്യത്തിന്റെ ശത്രുവിന്റെ കടയിൽ തീ പിടിച്ചിരുന്നു. ഇതിൽ നിന്നു പോലും

ഇവർ പാഠമുൾക്കൊണ്ടില്ല. തീ പിടിച്ചു. അയാളുടെ എല്ലാം തന്നെ കത്തി ഭസ്മമായി. ശഹീദ് മർഹൂമിന്റെ കട തീയുടെ തൊട്ടടുത്ത് തന്നെയായിരുന്നു. എന്നാൽ അല്ലാഹു അത്ഭുതകരമായ നിലയിൽ എല്ലാ നിലയിലും അതിനെ സംരക്ഷിച്ചു. പുറത്തുണ്ടായിരുന്ന പ്ലാസ്റ്റിക്കിന്റെ ബോർഡ് പോലും അത്ഭുതകരമായ നിലയിൽ സുരക്ഷിതമായി. അത് കണ്ട് എല്ലാവരും ആശ്ചര്യചകിതരായിരുന്നു. എന്നാൽ ഇതൊന്നും തന്നെ ഇവരുടെ കണ്ണുകളെ തുറക്കാൻ മതിയായതല്ല.

ശഹീദ് മർഹൂമിന് തന്റെ മുഴുവൻ കുടുംബത്തോടും വളരെയധികം അനുകമ്പയും സ്നേഹവും ഉണ്ടായിരുന്നു. കുടുംബത്തിൽ എന്തെങ്കിലും വസ്തുവിന്റെയോ, അല്ലെങ്കിൽ സാമ്പത്തിക ആവശ്യമോ വന്നാൽ അദ്ദേഹം ആ ആവശ്യം പൂർത്തിയാക്കുമായിരുന്നു. അതിഥികളെ നല്ലപ്പോലെ സേവിക്കുമായിരുന്നു. പ്രത്യേകിച്ച് ജമാഅത്തിന്റെ അതിഥികളെ സേവിക്കാതെ അവരെ പോകാൻ അനുവദിക്കില്ലായിരുന്നു. കേന്ദ്രത്തിൽ നിന്ന് ജമാഅത്തിന്റെ അതിഥികൾ വരികയും മറ്റേതെങ്കിലും അഹ്മദി സുഹൃത്ത് അദ്ദേഹത്തെ തന്റെ അതിഥിയാക്കുകയും ചെയ്താൽ ആ അതിഥിയെ കൂടെ കൂട്ടുന്നതിനായി അദ്ദേഹം വാശിപിടിക്കുമായിരുന്നു. 40,50 ജമാഅത്തംഗങ്ങളുടെ ജമാഅത്തി പരിപാടികൾക്കുള്ള സംവിധാനം വീട്ടിൽ തയ്യാറാക്കുമായിരുന്നു. വീട്ടിൽ തന്നെ അവരുടെ ഭക്ഷണത്തിനുള്ള സംവിധാനവും ഒരുക്കുമായിരുന്നു. അതിഥികളെ സ്വയം നല്ലപോലെ സേവിക്കുമായിരുന്നു. ജമാഅത്തിന്റെ പദ്ധതികളിൽ മുൻപന്തിയിലായിരുന്നു. ഇപ്പോൾ അദ്ദേഹം ഹൽഖ സാറ്റ്ലൈറ്റ് ടൗണിലെ നാഇബ് ഖാഇദ്, സിക്രട്ടറി വഖ്ഫെ ജദീദ്, സിക്രട്ടറി തഹ്രീകെ ജദീദ് എന്നിവ കൂടാതെ ഹൽഖയിലെ സെക്യൂരിറ്റിയും ഇസ്ലാഹി കമ്മിറ്റിയുടെ മെമ്പറും എന്ന നിലയിലും സേവനത്തിനുള്ള തൗഫീഖ് ലഭിച്ചിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ശഹീദ് മൂസിയായിരുന്നു. 2007ൽ വസിയ്യത്ത് പദ്ധതിയിൽ അംഗമായി. ശഹാദത്തിന് ഒരാഴ്ച മുമ്പ് ശഹീദിന്റെ പിതാവ് ഒരു സ്വപ്നം കണ്ടു. ജനങ്ങൾ ഒരുമിച്ച് കൂടിയിരിക്കുന്നു. ആരുടെയോ കല്യാണമാണെന്ന് തോന്നുന്നു. സ്വന്തം കൈകൊണ്ട് വിവാഹ സംഘത്തെ യാത്രയയക്കുന്നു. അദ്ദേഹത്തിന്റെ പിതാവ് പറയുകയാണ്. അതുപോലെ അദ്ദേഹത്തിന്റെ ഭാര്യ സ്വപ്നത്തിൽ കാണുന്നു, ഞാൻ പോവുകയാണ്, എന്റെ കുട്ടികളും മരുമകളും എന്നോടൊപ്പമുണ്ട്. വഴിയിൽ ഒരു കറുത്ത നായ അക്രമിക്കുന്നു. ഞാൻ എന്റെ മരുമകളുടെ പിന്നിൽ ഒളിക്കുന്നു. ദുആ ചെയ്യുക എന്നും പറയുന്നു. എന്നാൽ കറുത്ത നായ എന്റെ ജീവനാടിയെ തന്നെ പിടിക്കുന്നു.

ശഹീദ് മർഹുമിന് ബഹുമാന്യ നവാബ് ഖാൻ സാഹിബിനെ കൂടാതെ പത്നി ശബാന മൻസൂർ സാഹിബയും രണ്ട് പെൺകുട്ടികൾ നുമാന മൻസൂർ വാഖ്ഫെ നൗ 10 വയസ്സ്, ഫഇസ മൻസൂർ 8 വയസ്സ്, മകൻ തൗഹീദ് അഹ്മ ദ് വഖ്ഫെ നൗ 6 വയസ്സ്, ഒരു സഹോദരൻ മഖ്സൂദ് അഹ്മദ് സാഹിബ് രണ്ട് സഹോദരിമാർ എന്നിവരാണുള്ളത്. ശഹീദ് മർഹുമിന്റെ മാതാവ് വഫാത്തായിരുന്നു.

ജുമുഅക്ക് ശേഷം ഞാൻ പരാമർശിച്ച ഈ രണ്ട് മർഹുമികളുടെയും ജനാസ ഞാൻ നമസ്കരിപ്പിക്കുന്നതാണ്. പാകിസ്ഥാന് വേണ്ടി ഇന്നാളിൽ പൊതുവായി ദുആ ചെയ്യുക. ഈ അഹ്മദി ശുഹദാക്കൾ തങ്ങളുടെ പ്രതിജ്ഞയെയും കൂറിനെയും പൂർത്തിയാക്കാൻ ശ്രമിക്കുകയാണ്. അല്ലാഹു എത്രയും പെട്ടെന്ന് അഹ്മദികൾക്കായി അവിടെ എളുപ്പത്തെ കൊണ്ടു വരട്ടെ. എല്ലാവർക്കും ദു:ഖത്തിൽ നിന്നും മോചനം നൽകട്ടെ. ഇന്നു മുതൽ മുഹററവും ആരംഭിക്കുകയാണ്. മുഹററത്തിൽ അഹ്മദികൾക്കായി മുമ്പത്തെക്കാൾ അധികം കർബലകൾ ഉണ്ടാക്കാനായി ശ്രമം നടക്കുന്നു. സ്വയം പരസ്പരവും കൊല്ലും കൊലയും നടത്തുന്നു. അതിൽ നിന്ന് പാഠം ഉൾക്കൊള്ളുന്നതിന് പകരം മുസ്ലിംകൾ പരസ്പരം കഴുത്ത് വെട്ടുന്നു. അവർക്ക് വേണ്ടിയും ദുആ ചെയ്യുക. ഈ ദിനങ്ങളിൽ മുഹറം മാസത്തിലും പ്രത്യേകിച്ച് ദുറൂദിലേക്കും സദഖകളിലേക്കും കൂടുതൽ ശ്രദ്ധിക്കുക. ഇന്നു രൂപപ്പെട്ടു കൊണ്ടിരിക്കുന്ന ദുഷ്കരമായ അവസ്ഥയിൽ മുസ്ലിംകൾക്ക് വേണ്ടിയും ദുആ ചെയ്യുക. ഈ ദിനങ്ങളിൽ നിന്നും ശിക്ഷയിൽ നിന്നും മോചനം ലഭിക്കുന്നതിനായി അല്ലാഹു ഇവർക്ക് സത്യമാർഗ്ഗം സ്വായത്തമാക്കുന്നതിനുള്ള തൗഫീഖ് നൽകട്ടെ. കാലഘട്ടത്തിന്റെ ഇമാമിനെ സ്വീകരിക്കുകയല്ലാതെ മുസ്ലിം സമുദായത്തിന് മറ്റൊരു രക്ഷാമാർഗ്ഗവുമില്ല. അല്ലാഹു അവർക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut - 10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 November 16 at : Baitul Futuh London
Translation: T.M.Abdul Mujeeb Mob: 9946794987

Typing: A.T.Nasarudheen & M.P.Tahir Ahmed
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**